ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.

ഐ. ആർ. ഡി. പി. സ്കീം ഉപയോഗിച്ച് ജോലി ലഭിച്ചവർ

858. [1063] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയം തൊഴിൽ കണ്ടെത്തൽ പരിപാടി അനുസരിച്ച് (ഐ.ആർ.ഡി പി.) സ്കീമിൽ ഉൾപ്പെടുത്തി, സംസ്ഥാനത്ത് എത്ര പാവപ്പെട്ട യുവതികൾക്കാണ് ഗവൺമെൻറ് ജോലി നൽകിയിട്ടുള്ളത് എന്നു വ്യക്തമാക്കാമോ ;

(ബി) ഇങ്ങനെ ജോലി ലഭിക്കുന്നതിന് സർക്കാർ നിർദ്ദേശിക്കുന്ന യോഗ്യതകൾ എന്താണ് ;

(സി) ഈ പരിപാടിക്ക് വേണ്ടി മൊത്തം എത്ര തുക ചെലവഴിച്ചു ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) ഐ.ആർ.ഡി.പി. സർവ്വേ ലിസ്റ്റിൽ നിന്നും ഓരോ വർഷവും സഹായം നൽകുന്നതിന് തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങളിലെ 18 നും 35 നും ഇടയ്ക്കു പ്രായമുള്ള യുവതീയുവാക്കൾക്കാണ് ഇങ്ങനെ ജോലി ലഭിക്കുന്നതിന് യോഗ്യതയുള്ളവർ.

(സി) വിവരം ശേഖരിച്ചുവരുന്നു.

ഐ. ആർ. ഡി. പി.

859. [1064] ശ്രീ. ജി. വരദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. ആർ. ഡി. പി. യുടെ കീഴിൽ ഏതെല്ലാം പദ്ധതികൾക്ക് പണം നൽകുന്നു ;

(ബി) ഇടുക്കി ജില്ലയിൽ ഐ. ആർ. ഡി. പി. ക്കുവേണ്ടി 1984-85, 1985-86 സാമ്പത്തിക വർഷത്തിൽ എന്തു തുക നീക്കിവച്ചിട്ടുണ്ട് ;

(സി) മേൽപ്പടി ജില്ലയിൽ ആരംഭിച്ചതും പൈസ് ഐ.ആർ.ഡി.പി. യിൽ നിന്നും പണം കൈപ്പറ്റിയതായി ഏതെങ്കിലും പരാതി ഗവൺമെൻറിനു കിട്ടിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ എടുത്തു ?

ഉത്തരം

(എ) ഐ. ആർ. ഡി. പി. ഗുണഭോക്താക്കളുടെ അഭിരുചിക്കനുസരണമായി കൃഷി മൃഗസംരക്ഷണം, ചെറുകിടവ്യവസായം, സാങ്കേതിക പരിജ്ഞാനം ആവശ്യമായ തൊഴിലുകൾ, കച്ചവടം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട വരുമാനം ഉണ്ടാക്കുന്ന പദ്ധതികൾക്ക് ഐ.ആർ.ഡി.പി. പ്രകാരം പണം നൽകുന്നു.

(ബി) ഐ.ആർ.ഡി.പി. പദ്ധതി പ്രകാരം ഇടുക്കി ജില്ലക്കുവേണ്ടി 1984-85 ലേക്ക് 64 ലക്ഷം രൂപയും 1985-86 ലേയ്ക്ക് 35.52 ലക്ഷം രൂപയും നീക്കിവച്ചിരുന്നു.

(സി, ഡി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly